# മരിച്ചവരുടെ പേരിൽ മരിക്കുന്ന നിള

ഇന്ദുലാൽ

സമയം രാവിലെ 7.30 തിരുനാവായ നാവാമുകുന്ദാ ക്ഷേത്രത്തിനുമുന്നിൽ ഒരുകാർ വന്നുനിന്നു. രണ്ട് മദ്ധ്യവയസ്കർ, അവരുടെ ഭാര്യമാർ, വാർദ്ധക്യത്തിലേക്ക് കാലെടുത്തുവച്ച അമ്മ, പിന്നെ അമ്മാവനും - കാറിലുണ്ടായിരുന്നത് ഇത്രയും ആളുകൾ. അച്ഛൻ മരിച്ചത് അടുത്തിടെയാണ്. പുണ്യനദിയായ നിളയിൽ അച്ഛന്റെ അസ്ഥി നിമജ്ജനം ചെയ്യാനെത്തിയതാണ് ഉന്നതോദ്യോഗസ്ഥരായ മക്കൾ. മൂത്തയാളുടെ കയ്യിൽ വെടിപ്പായി മൂടിക്കെട്ടിയ ഒരു മൺകുടമുണ്ട്. മറ്റേയാൾ നേരെ ദേവസ്വം കൗണ്ടറിൽ ചെന്ന് അസ്ഥിനിമജ്ജനത്തിനുള്ള അഞ്ച്രൂപയുടെ ചീട്ട് വാങ്ങി.

അവർ വിധിപ്രകാരം അസ്ഥി പുഴയിൽ നിമജ്ജനം ചെയ്തു. മടക്കയാത്ര തുടങ്ങുന്നതിനു മുമ്പ് കാറിന്റെ ഡിക്കിലുണ്ടായിരുന്ന മൂന്ന് പ്ലാസ്റ്റിക് ചാക്കുകൾ ക്ഷേത്രത്തിന്റെ പുറകിലൂടെ ചെന്ന് പുഴയിൽ എറിഞ്ഞു. (അതിന് മന്ത്രമൊന്നുമില്ല. എന്നാൽ ഇപ്പോഴാണ് എല്ലാം കഴിഞ്ഞ ഒരു സംതൃപ്തി അവരുടെ മുഖത്ത് തെളിഞ്ഞത്) നിറഞ്ഞ മനസ്സോടെ അവർ തിരിച്ചുപോയി.....

പ്രശ്സതമായ തിരുന്നാവായിൽ ഇന്ന് അരങ്ങേറുന്ന ഒരു സ്ഥിരം രംഗമാണിത്. ത്രിമൂർത്തി സംഗമസ്ഥാനമായ ഇവിടെ പുണ്യനദിയായ നിളയിൽ മരിച്ചവരുടെ അസ്ഥിയൊഴുക്കുന്ന ചടങ്ങ് പ്രസിദ്ധമാണ്. അടുത്തകാലത്ത് അസ്ഥിനിമജ്ജനത്തിനെത്തുന്ന ആളുകൾ ചിതകത്തിച്ച ചാരവും കല്ലും കരിക്കട്ടയും, എന്തിന് പകുതി കത്തിയ വിറകടക്കം കുത്തിനിറച്ച പ്ലാസ്റ്റിക് ചാക്കുകൾകൂടി കൂടെ കരുതാറുണ്ട്. മൺകുടത്തിലടക്കം ചെയ്ത ശുദ്ധികർമ്മങ്ങൾ നടത്തിയ അസ്ഥി ക്ഷേത്രക്കടവിൽ അനുഷ്ഠാനചടങ്ങുകളുടെ അകമ്പടിയോടെ ഒഴുക്കുന്നു. കൂടെ കരുതിയ ചാക്കുകൾ ക്ഷേത്രത്തിനു പിറകിലൂടെ പുഴയിൽ തള്ളുന്നു. ഒട്ടനവധി പാരിസ്ഥിതിക പ്രശ്നങ്ങളാൽ മൃതപ്രായയായികഴിഞ്ഞഭാരതപ്പുഴ അനുഭവിക്കുന്ന ഏറ്റവും പുതിയ പ്രശ്നങ്ങളിലൊന്നാണ് മരിച്ചവരുടെ പേരിൽ ഇവിടെ നടക്കുന്നത്.

ദിവസവും അസ്ഥി നിമജ്ജനം ചെയ്യാൻ ആളുകൾ എത്താറുണ്ടെന്ന് പരമ്പരാഗത ശാന്തിക്കാരായ അരീക്കര മനയിലെ തിരുമേനി പറയുന്നു. ചാക്കുകളിൽ കൊണ്ടുവരുന്ന ചുടലഭസ്മം ക്ഷേത്രത്തിന് പിറകിലൂടെയോ ക്ഷേത്രത്തിന് അല്പം മുകളിലായോ ഒഴുക്കുകയാണ് ചെയ്യുന്നതെന്ന് തിരുമേനി പറഞ്ഞു.

എന്നാൽ ചുടലഭസ്മം ഒഴുക്കുന്നത് ദേവസ്വം നിരുത്സാഹപ്പെടുത്തുന്നുണ്ടെന്നാണ് ദേവസ്വം ജീവനക്കാർ പറയുന്നത്. "അടുത്ത പ്രദേശത്തുള്ളവർക്കെല്ലാം ചുടലഭസ്മം ഒഴുക്കരുതെന്ന് അറിയാം എന്നാൽ ദൂരെ നിന്ന് വരുന്നവർക്ക് അതറിയില്ലല്ലോ. ഞങ്ങൾ കർശനമായി വിലക്കുന്നുണ്ട്. പിറകിലൂടെയും മറ്റും ആരും അറിയാതെ ചെയ്യുന്നതിന് ദേവസ്വത്തിന് എന്ത് നടപടിയെടുക്കാൻ കഴിയും?" പേരുവെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു ജീവനക്കാരൻ കൈമലർത്തുന്നു.

ഈ കൈമലർത്തലുകൾക്കിടയിലും നിളയിലൂടെ വെള്ളമൊഴുകുന്നുണ്ട്. അസ്ഥിയുടെ, ഭസ്മത്തിന്റെ ഗന്ധമുള്ള വെള്ളം തിരൂർ അടക്കമുള്ള പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നത് ഇവിടെ നിന്നാണ്. ജലം ശുദ്ധീകരിക്കാനായി ഫിൽറ്റർ സംവിധാനമൊക്കെ ഉണ്ടെങ്കിലും ഒന്നും ഫലപ്രദമല്ല.

ചിത കത്തിക്കുന്നത് ശ്മശാനങ്ങളിൽ തുടങ്ങിയതു മുതലാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. പലപ്പോഴും മൃതദേഹം പൂർണ്ണമായി ദഹിക്കുന്നുണ്ടാവില്ല. അസ്ഥിയും ചാരവുമെല്ലാം ചാക്കുകളിലാക്കി ശ്മശാനത്തിന്റെ ചുമതലക്കാരൻ ബന്ധുക്കൾക്ക് നൽകുന്നു. ഇവർ അതെല്ലാം തന്നെ പുഴയിലൊഴുക്കുന്നു. ദേവസ്വം എതിർത്താൽ ക്ഷേത്രത്തിനു പുറകിലൂടെയോ മറ്റോ അത് പുഴയിലൊഴുക്കുന്നു. തിരുന്നാവായ മാത്രമല്ല ഒറ്റപ്പാലത്ത് തിരുവില്വാമലയ്ക്ക് അടുത്തുള്ള ഐവർ മഠത്തിലും (നിളാതീരത്തുതന്നെ) അസ്ഥി നിമജ്ജനം ചെയ്യുന്ന ചടങ്ങുണ്ട്. അവിടെയും ചുടലഭസ്മം ചാക്കുകളിലാക്കി പുഴയിൽ ഒഴുക്കുന്നുണ്ട്.

പകുതിവെന്ത ശരീരഭാഗങ്ങൾ ഇടക്കിടെ നിളയിൽ കാണാറുണ്ട്. അത് ചീഞ്ഞുകഴിഞ്ഞാൽ മീനുകൾ പോലും തിന്നില്ല മഴക്കാലത്താണെങ്കിൽ ഇവ ഒഴുകിപ്പോകും. ഡിസംബർ കഴിഞ്ഞാൽ ഏതെങ്കിലും ഒരരികിൽ അഴുക്കുചാലിൽ വെള്ളമൊഴുകുന്ന പോലെയാണ് നിളയിലെ നീരൊഴുക്ക്

മണൽ വാരുന്ന പോലെ ഗൗരവമേറിയ ഒരു പാരിസ്ഥിക പ്രശ്നമല്ല ചുടലഭസ്മം കൊണ്ടുണ്ടാവുന്നത്. പുഴയിലെ വെള്ളം ഉപയോഗശൂന്യമാവുകയാണ്. സ്വതവേ വെള്ളം കുറവായ ഭാരതപുഴയിൽ ചുടലഭസ്മത്തിന്റെ സാന്ദ്രത കൂടുമ്പോൾ വെള്ളം ദുർഗന്ധ പൂരിതമാകുന്നു.

ഭസ്മവും മറ്റ് മാലിന്യങ്ങളും ഒഴുക്കുന്നതിനെതിരെ ഒരിക്കൽ തനിക്ക് പരാതി ലഭിച്ചതായി തിരൂർ മുൻ ഹെൽത്ത് ഇൻസ്പെക്ടർ പറഞ്ഞു. ഗൗരവമായ പ്രശ്നമായി തോന്നുകയും അത് ദേവസ്വത്തിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും ശ്രദ്ധയിൽപ്പെടുത്തിയതായും ഇദ്ദേഹം പറയുന്നു. (പഞ്ചായത്തും ദേവസ്വവും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. "ഇവിടെ ചുടലഭസ്മവും മറ്റ് മാലിന്യങ്ങളും ഒഴുക്കുന്നത് ശിക്ഷാർഹമാണ്" എന്ന ഒരു ബോർഡ് സ്ഥാപിച്ചിട്ടുണ്ട്)

ഇതൊക്കെ ആളുകളുടെ വിശ്വാസത്തിന്റെ പ്രശ്നമാണെന്ന് ഹെൽത്ത് ഇൻസ്പെക്ടർ. "ഉദ്യോഗസ്ഥർക്ക് ഇതിൽ കാര്യമായി ഇടപെടാനില്ല. എല്ലാം ജനങ്ങൾ മനസ്സിലാക്കണ്ടെ?"

പ്രശ്നം ജനങ്ങൾ മനസ്സിലാക്കുക കുടിവെള്ളം ഇല്ലാതാകുമ്പോൾ മാത്രമായിരിക്കും ബിസ്ലേറികുപ്പികൾ കടകളിൽ നിരന്നുനിൽക്കുകയും പണമുള്ളവന് മാത്രം ദാഹംമാറ്റാൻ അവകാശമുള്ള ഒരു സാമൂഹ്യനീതി ഉണ്ടാവുകയും ചെയ്യുമ്പോഴാണ് അവരുടെ ചിന്ത ഉണരുക. അപ്പോഴേക്കും നിള മരിച്ചിട്ടുണ്ടാകും. അപ്പോൾ നമുക്ക് അന്വേഷിച്ച് അലയാം. ഈ പുഴയുടെ "അസ്ഥി ഏതു നദിയിലാണ് നിമജ്ജനം ചെയ്യുക"?